കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗുരുവായൂർ നഗരസഭ - മണ്ഡല വിളക്കിനോടനുബന്ധിച്ച് ശുചീകരണ തൊഴിലാളികളെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.397 /2016 /തസ്വഭവ. 30.01.2016 തിരുവനന്തപുരം

പരാമർശം : 1.ഗുരുവായൂർ നഗരസഭാ കൗൺസിലിന്റെ 17.09.2015 ലെ 6 ാംനം.തീരുമാനം
2.നഗരകാര്യ ഡയറക്ടറുടെ 28.11 .2015 ലെ ഇ2/23211/2015 നം.കത്ത്

## ഉത്തരവ്

ഗുരുവായൂർ ഏകാദശി മണ്ഡല വിളക്ക് ഉത്സവത്തോടനുബന്ധിച്ച് കുമിഞ്ഞ് കൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും മറ്റ് ശുചീകരണ പ്രവർത്തനങ്ങൾക്കുമായി 1.10.2015 മുതൽ 31.10.2015 വരെയും 01.02.2016 മുതൽ 31.01.2016 വരെയും മൂന്ന് മാസക്കാലത്തേക്ക് 50 സി.എൽ ആർ തൊഴിലാളികളേയും 01.11.2015 മുതൽ 31.01.2016 വരെ മൂന്ന് മാസത്തേക്ക് 100 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ പ്രതിദിനം 377/രൂപ നിരക്കിൽ നിയോഗിക്കുന്നതിനും വൈദ്യസഹായം നടത്തുന്നതിന് 3 സ്റ്റാഫ് നഴ്സ്/ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരെ എൻ ആർ എച്ച് എം വ്യവസ്ഥയനുസരിച്ചുള്ള പ്രതിദിനം 400/രൂപ നിരക്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും പരാമർശത്തിലെ കൗൺസിൽ തീരുമാനപ്രകാരം പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ഇതിനുള്ള ശുപാർശ സമർപ്പിച്ചിരുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശത്തിലെ കൗൺസിൽ തീരുമാനവും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും പരിഗണിച്ച് , ഗുരുവായൂർ ഏകാദശി മണ്ഡല വിളക്ക് ഉത്സവത്തോടനുബന്ധിച്ച് കുമിഞ്ഞ് കൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും മറ്റ് ശുചീകരണ പ്രവർത്തനങ്ങൾക്കുമായി 1.10.2015 മുതൽ 31.10.2015 വരെയും 01.02.2016 മുതൽ 31.01.2016 വരെയും മൂന്ന് മാസക്കാലത്തേക്ക് 50 സി.എൽ ആർ തൊഴിലാളികളേയും 01.11.2015 മുതൽ 31.01.2016 വരെ മൂന്ന് മാസത്തേക്ക് 100 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ പ്രതിദിനം 377/രൂപ നിരക്കിൽ നിയോഗിക്കുന്നതിനും വൈദ്യസഹായം നടത്തുന്നതിന് 3 സ്റ്റാഫ് നഴ്സ്/ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്മാരെ എൻ ആർ എച്ച് എം വ്യവസ്ഥയനുസരിച്ചുള്ള പ്രതിദിനം 400/രൂപ നിരക്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതും താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുമായിരിക്കണം പ്രസ്തുത നിയമനങ്ങൾ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം .

സോണിയ വാഷിംഗ്ടൺ

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി , ഗുരുവായൂർ നഗരസഭ

ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ